**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2836** **14-09-2023 - ൽ മറുപടിയ്ക്ക്**

**ഗതാഗത തടസ്സം സൃഷ്ടിക്കുന്ന വൈദ്യുതി പോസ്റ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റോഡ് ഗതാഗതത്തിന് തടസ്സമാകുന്ന തരത്തിലുള്ള വൈദ്യുതി പോസ്റ്റുകൾ അപകടങ്ങൾക്ക് ഇടയാക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് യഥാസമയം കെ. എസ്. ഇ. ബി. നടപടികൾ സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റോഡ് ഗതാഗതത്തിന് തടസ്സമാകുന്ന തരത്തിൽ വൈദ്യുതി പോസ്റ്റുകൾ സ്ഥാപിക്കാറില്ല. റോഡിൽ നിന്ന് നിയമാനുസൃതമായ അകലത്തിൽ മാത്രമാണ് വൈദ്യുതി പോസ്റ്റുകൾ സ്ഥാപിക്കാറുള്ളത്. എന്നാൽ റോഡ് വികസനത്തിന്റെ ഭാഗമായി വൈദ്യുതി പോസ്റ്റുകൾ റോഡിലേക്ക് കയറി വരുന്ന സന്ദർഭങ്ങളിൽ സുരക്ഷ ഉറപ്പാക്കുന്നതിന് റോഡ് വികസിപ്പിക്കുന്ന (പി.ഡബ്ല്യു.ഡി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ) ഏജൻസികളെ കൊണ്ട് ഡെപ്പോസിറ്റ് തുക അടപ്പിച്ച് വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാറുമുണ്ട്. അപകടകരമായി നിൽക്കുന്ന പോസ്റ്റുകൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ ടി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി ലിമിറ്റഡ് സ്വീകരിച്ച് വരുന്നുണ്ട്. ഇതു കൂടാതെ ജില്ലാ കളക്ടർ, ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, ബാലാവകാശ കമ്മീഷൻ, പൊതുജനങ്ങൾ തുടങ്ങിയവർ ശ്രദ്ധയിൽപ്പെടുത്തുന്ന അപകടകരമായി നിൽക്കുന്ന പോസ്റ്റുകളും കെ.എസ്.ഇ.ബി ലിമിറ്റഡ് താമസം വിനാ മാറ്റിസ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) | ഇത്തരത്തിലുള്ള വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ കെ. എസ്. ഇ. ബി. എന്തെല്ലാം നടപടികൾ സ്വീകരിക്കാറുണ്ട്; അപകടങ്ങൾക്ക് കാരണമായ വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാത്തതിന്റെ പേരിൽ കഴിഞ്ഞ ഒരു വർഷം എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (ബി) | ഇത്തരത്തിൽ പോസ്റ്റുകൾ മാറ്റിസ്ഥാപിക്കാത്തതിന്റെ പേരിലോ അപകടമുണ്ടായ കാരണമോ നടപടിയെടുക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ